प्रेस प्रकाशनी PRESS RELEASE

भारतीय रिज़र्व बैंक
RESERVE BANK OF INDIA

संचार विभाग, केंद्रीय कार्यालय, एस.बी.एस.मार्ग, मुंबई-400001
DEPARTMENT OF COMMUNICATION, Central Office, S.B.S.Marg, Mumbai-400001
फोन/Phone: 022 2261 0835 फैक्स/Fax: 91 22 22660358

वेबसाइट : www.rbi.org.in/hindi
Website : www.rbi.org.in
इ-मेल email: helpdoc@rbi.org.in

ഏപ്രിൽ 06, 2019

## ലക്ഷ്മി വിലാസ് ബാങ്കും ഇൻഡ്യാബുൾസ് ഹൗസിംഗ് ഫിനാൻസുമായുള്ള ലയന പ്രഖ്യാപനം

ലക്ഷ്മി വിലാസ് ബാങ്കും (എൽവിബി) ഇൻഡ്യാബുൾസ് ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡും (ഐബിഎച്ച്എഫ്എൽ) 2019 ഏപ്രിൽ 5-ന്, അവരുടെ ബോർഡുകളുടെ അംഗീകാരത്തോടുകൂടി, ലയന പ്രഖ്യാപനം നടത്തിയതായി മാദ്ധ്യമ റിപ്പോർട്ടുകളിൽ നിന്നും റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (ആർബിഐ) മനസ്സിലാക്കിയിട്ടുണ്ട്. എൽവിബി യുടെ ബോർഡിലുള്ള രണ്ടു ആർബിഐ നോമിനി ഡയറക്ടറന്മാരുടെ സാന്നിദ്ധ്യം, ഈ വിഷയത്തിലുള്ള ആർബിഐയുടെ പരോക്ഷമായ അംഗീകാരം ഉണ്ടെന്ന് അർത്ഥമാക്കുന്നതായി ഒരു വിഭാഗം മാദ്ധ്യമങ്ങൾ റിപ്പോർട്ടുചെയ്തതായി കാണുന്നു.

ലയനപ്രഖ്യാപനത്തിന്, ഈ ഘട്ടത്തിൽ ആർബിഐ യുടെ ഒരംഗീകാരവുമില്ലെന്ന കാര്യം വിശദമാക്കികൊള്ളുന്നു. എൽ വി ബി യുടെ ബോർഡിൽ ആർബിഐ നാമനിർദ്ദേശം നടത്തിയ രണ്ടു അഡീഷണൽ ഡയറക്ടർമാരുടെ സാന്നിദ്ധ്യമുള്ളതിനാൽ ലയന നിർദ്ദേശത്തിനു ആർബിഐയുടെ അംഗീകാരമുണ്ടെന്ന് അർത്ഥമില്ല എന്നും വിശദമാക്കികൊള്ളട്ടെ. കൂടാതെ, ഈ അഡീഷണൽ ഡയറക്ടർമാർ ലയനനിർദ്ദേശത്തിൽ തങ്ങൾക്ക് ഒരഭിപ്രായവുമില്ലെന്ന് യോഗത്തിൽ പറയുകയും ചെയ്തിട്ടുണ്ട്. ഈ സ്ഥാപനങ്ങളിൽനിന്നും നിർദ്ദേശങ്ങൾ ലഭിക്കുമ്പോൾ നിലവിലുള്ള നിയന്ത്രണ നിർദ്ദേശങ്ങളും ഉത്തരവുകളുമനുസരിച്ച് ആർബിഐ പരിശോധിക്കുന്നതാണ്.

**യോഗേഷ് ദയാൽ**
ചീഫ് ജനറൽ മാനേജർ

**പ്രസ്സ് റിലീസ് 2018-2019/2390**